JAN 2009 1

# GRACE CHAPEL

## ഗ്രേയ്സ്ചാപ്പൽ

## പുതുവർഷ സന്ദേശം

2009

Vattakkavayalil Bldg., Chelliozhukkom Road, Kottayam-1 Tel: 0481-2562444

# തകർന്നു പോയതിനെ പണിതുയർത്തുന്ന ദൈവം

**ആമോസ് 9 : 11–15** (Amos 9 :11-15)

*ഞാൻ, ദൈവം തന്നെ, എല്ലാം പുതുക്കിപ്പണിയും അന്ന് ദാവീദിന്റെ, വീണുകിടക്കുന്ന കൂടാരം ഞാൻ ഉയർത്തും, അതിന്റെ വിടവുകൾ അടയ്ക്കും, അത് പുനഃരുദ്ധരിക്കും പണ്ടത്തെപ്പോലെ പുതുക്കി പണിയും*

മോശയുടെ നേതൃത്വത്തിൽ മിശ്രയിമിൽ നിന്ന് (ഈജിപ്ത്) ദൈവീക കല്പനയനുസരിച്ച് വന്ന ജനത്തെ യാക്കോബിന്റെ 12 പുത്രന്മാരുടെ പേരുകളിൽ 12 ഗോത്രങ്ങളായി അറിയപ്പെട്ടു. പിന്നീട് അവ തെക്കേ രാജ്യമെന്നും (യഹൂദാ) വടക്കേരാജ്യമെന്നും (യിശ്രയേൽ) രണ്ടായിതിരിഞ്ഞു.

ഏകദേശം ബി.സി. 787 കാലഘട്ടങ്ങളിൽ യഹൂദയിൽ ഉസ്സിയാവ് രാജാവായും യിശ്രയേലിൽ ജെരോബയാം 11–ാമൻ രാജാവായും ഇരിക്കുന്ന കാലയളവിലാണ് ആമോസ്, ഹോശയ എന്നീ പ്രവാചകന്മാർ ദൈവസന്നിധിയിൽ ശുശ്രൂഷയിൽ നിന്നിരുന്നത്.

തെക്കേരാജ്യമായ യഹൂദയേയും മറ്റനേകം പുതിയ രാജ്യങ്ങളേയും ഈ പ്രവചനം ബന്ധപ്പെട്ടിരിക്കുന്നു എങ്കിലും പ്രധാനമായും വടക്കേരാജ്യമായ യിശ്രയേലിനെക്കുറിച്ചുള്ളതാണ് ഈ ദൂത്.

യിശ്രയേൽ ദൈവനിന്ദ്യമായ പ്രവർത്തിയിലേക്കും പാപത്തിലേക്കും വിഗ്രഹാരാധനയിലേക്കും തിരിഞ്ഞു. ബി.സി. 975 ൽ ജെരോബയം ഒന്നാമൻ യിശ്രയേലിൽ തുടങ്ങിയ സ്വർണ്ണകാളക്കുട്ടിയെ ആരാധിക്കുന്ന രീതി പിന്നീട് യിശ്രയേലിൽ ഭരണത്തിൽ വന്ന ഓരോ രാജാക്കന്മാരും നിലനിർത്തി.

ജെരോബയം ഒന്നാമന്റെ കാലം മുതൽ 260 വർഷങ്ങൾക്കുളിൽ യിശ്രയേൽ സത്യാരാധന വിട്ടുമാറി പാപം ചെയ്തതിനാൽ അസ്സീറിയക്കാർ വന്ന് യിശ്രയേലിനെ തോല്പിച്ച് അടിമത്വത്തിലേക്ക് കൊണ്ടുപോകുമെന്നും യിശ്രയേൽ ഇല്ലാതാകുമെന്നും ആമോസ് – 9:18, ഹോശയാ – 1 :4 യഹൂദയിലെ പ്രവാചകനായ ഏശയ്യാവിലൂടെയും (ഏശയ്യാവ് 7:8) ദൈവം മുന്നറിയിപ്പ് നൽകുന്നു. യിശ്രയേലിന്റെ ചരിത്രത്തിൽ മൂന്ന് കൂടാരങ്ങൾ ഉണ്ടായിരുന്നു.

1. യഹോവയുടെ കല്പന പ്രകാരം മോശ പണിത സമാഗമനകൂടാരം. (Tabernacle of moses) – പുറപ്പാട് 25 : 1 മുതൽ 40–ാം അദ്ധ്യായം വരെ (Exodus 25 : 1 CHS - 40)
2. യിശ്രയേലിൽ രാജാവായ ദാവീദ് കർത്താവിന്റെ പെട്ടകം സൂക്ഷിക്കേണ്ടതിനായി പണിത കൂടാരം. (Tabernacle of David) 2 ശാമുവേൽ 6 : 16–19, 1 ദിനവൃത്താന്തം 16:1
3. ശലോമോൻ പണിത കൂടാരം/ആലയം. (Tabernacle of Solomon) 2 ദിനവൃത്താന്തം 3–ാം അദ്ധ്യായം മുതൽ 7 വരെയുള്ള അദ്ധ്യായങ്ങൾ വായിക്കുക.

ഞാൻ നിങ്ങളുടെ നടുവിൽ പാർക്കേണ്ടതിന് എനിക്ക് ഒരു വിശുദ്ധസ്ഥലം (കൂടാരം) ഉണ്ടാക്കട്ടെ എന്ന പുറപ്പാട് 25 : 8–ാം (Exodus 25 :8) വചനപ്രകാരം മോശ ദൈവത്തിന് പണിതകൂടാരത്തിൽ ഏറ്റവും പ്രധാനപ്പെട്ട ഉപകരണം സാക്ഷ്യ കൂടാരമായിരുന്നു. (ഉടമ്പടി കൂടാരം Ark of the Covenant)

ഉടമ്പടികൂടാരം എല്ലാ അർത്ഥത്തിലും യേശുക്രിസ്തുവിനെ കാണിക്കുന്നു. പുതിയ നിയമത്തിൽ ഓരോ വിശ്വാസിയുടെ ജീവിതത്തിലും എപ്പോഴും കൂടെ വസിക്കുന്ന യേശുവിനു തുല്യമായിരുന്നു പഴയ നിയമത്തിൽ ജനത്തിനു നടുവിലുണ്ടായിരുന്ന ദൈവസാന്നിദ്ധ്യം ഇറങ്ങിവസിച്ചിരുന്ന ഉടമ്പടികൂടാരം. അതായത്

P.T.O.

## പെട്ടകം (ARK) വിളിച്ച് പറയുന്ന സത്യങ്ങൾ

1. ഭൂമിയിലെ ദൈവത്തിന്റെ സിംഹാസനമായിരുന്നു പെട്ടകം (The ark was the throne of God in earth)
2. ദൈവത്തിന്റെ വീണ്ടെടുക്കപ്പെട്ട ജനത്തിന്റെ നടുവിൽ ദൈവത്തിന്റെ സാന്നിദ്ധ്യമായിരുന്നു പെട്ടകം. The ark was the representation of God's Presence among His redeemed people
3. ദൈവജനത്തിന്റെ നടുവിൽ ദൈവത്തിന്റെ മഹത്വമായിരുന്നു പെട്ടകം.

   The ark represented the Glory of God among His people
4. ദൈവജനത്തിന്റെ നടുവിലെ ദൈവീക സമ്പൂർണ്ണതയായിരുന്ന പെട്ടകം

The ark represented the Fullness of the Godhead Bodily revealed in the Lord Jesus

യിശ്രയേൽ ജനത്തിന് പെട്ടകം എല്ലാമെല്ലാമായിരുന്നതുപോലെ പുതിയനിയമ സഭയക്ക് യേശുക്രിസ്തു എല്ലാമെല്ലാമാണ്.

യിശ്രയേൽ മക്കളുടെ ചരിത്രത്തിൽ മൂന്ന് വ്യത്യസ്ഥ കൂടാരങ്ങൾ ഉണ്ടായിരുന്നു എങ്കിലും ഒരുപെട്ടകം മാത്രമേ ഉണ്ടായിരുന്നുള്ളൂ. മോശയുടെ കൂടാരത്തിലും ദാവീദിന്റെ കൂടാരത്തിലും ശലോമോന്റെ കൂടാരത്തിലും ഓരേയൊരു പെട്ടകം. അതായത് പഴയ നിയമത്തിലും പുതിയ നിയമത്തിലും ഒരേയൊരു യേശു. മാനവചരിത്രത്തിൽ മനുഷ്യനെ രക്ഷിക്കുന്ന – ഇന്നലയും, ഇന്നും, നാളെയും – ഒരേയൊരു യേശു. അവൻ എല്ലാനാമങ്ങൾക്കും മീതെ നാമമുള്ളവൻ. എല്ലാ അധികാരങ്ങൾക്കും മീതെ അധികാരമുള്ളവൻ – കൊലോസ്യർ 1 :15–18, മത്തായി 28 : 17–20

പെട്ടകത്തിന്റെ പ്രാധാന്യം എന്ന് പറയുന്നത് സഭയിൽ യേശുവിന്റെ പ്രാധാന്യമാണ്. യിശ്രയേൽ മക്കളുടെ ഇടയിൽ ഉണ്ടായിരുന്ന സമാഗമന കൂടാരത്തിലെ ഏറ്റവും പ്രാധാന്യം അർഹിക്കുന്ന ഉപകരണം പോലെ സഭയിൽ ഏറ്റവും പ്രാധാന്യം യേശുക്രിസ്തുവെന്ന സഭയുടെ മണവാളനാണ് – (കൊലാസ്യർ 1 : 17 - 19, colossians 1: 17 -19)

യിശ്രയേൽ മക്കളുടെ നടുവിൽ പെട്ടകം ജീവനുള്ള ദൈവത്തിന്റെ സാന്നിദ്ധ്യത്തെ തെളിയിച്ചപ്പോൾ പുതിയ നിയമ സഭയ്ക്ക് ഉയർത്തെഴുന്നേറ്റ യേശുവിന്റെ സാന്നിദ്ധ്യമില്ലാതെ ഒരു നിമിഷം പോലും നില നിൽക്കാൻ കഴിയില്ല. യേശു പറഞ്ഞു. എന്നെ പിരിഞ്ഞ് നിങ്ങൾക്ക് ഒന്നും ചെയ്യാൻ കഴിയില്ല. യോഹന്നാൻ 15 :1 -16, John 15 : 1 - 16 .

അങ്ങനെ ദൈവചന പ്രകാരം ഈ പ്രവചനം നടക്കുമ്പോൾ, മോശയുടെ കൂടാരവും ദാവീദിന്റെ കൂടാരവും മാറിപ്പോയിരുന്നു. ശലോമോൻ യഹോവയ്ക്ക് പണിത ആലയം യെരുശലേമിൽ തീഷ്ണമായ ദൈവസാന്നിദ്ധ്യം വഹിച്ച് നിൽക്കുകയും ചെയ്യുന്നു.

എങ്കിൽ ഇതിന്റെയർത്ഥം ദൈവം ദാവീദിന്റെ ആലയത്തെ മടക്കികൊണ്ടുവരുമെന്നാണോ ? ശലോമോൻ പണിത ആലയത്തിൽ ദൈവത്തിന് പ്രസാദമില്ലേ?

പ്രവാചകനായ ആമോസ് ജീവിച്ചിരുന്ന കാലത്തിലും യിശ്രയേൽ മക്കളുടെ ആ കാലഘട്ടത്തിലും ആർക്കും വിശ്വസിക്കാൻ കഴിയാത്ത കാര്യമാണ് ഈ പ്രവാചക ശബ്ദം വിളിച്ചറിയിക്കുന്നത്. കാരണം,

(1) ദാവീദിന്റെ കാലഘട്ടം കഴിഞ്ഞിരുന്നു.
(2) ശലോമോൻ പണിത ആലയത്തിൽ ദൈവമഹത്വം ശക്തമായി ഉണ്ട്.
(3) ശമര്യ ആസ്ഥാനമായി ദാനിലും ബെഥേലിലും കാളക്കുട്ടി ആരാധനയും പാപം നിറഞ്ഞ ജീവിതവും യിശ്രയേൽ മക്കളുടെയിടയിൽ ശക്തമായി നടക്കുന്നു.
(4) യിസ്രയേൽ മക്കളുടെയിടയിൽ നഷ്ടപ്പെട്ട സത്യ ആരാധന
(5) പാപം നിറഞ്ഞ ജീവിതശൈലി
(6) ദൈവത്തിനും അവന്റെ അഭിഷിക്തർക്കുമെതിരായി പിറുപിറുക്കുന്ന ജനം
(7) അനുസരണക്കേടും അവിശ്വാസവും അന്തവിശ്വാസവും നിറഞ്ഞ തലമുറ –
(8) ഇവിടെ ദൈവത്തിന്റെ പക്ഷത്ത് നിൽക്കുവാൻ ആരുമില്ല.

എങ്കിലും ദൈവം തന്നെ ഈ തലമുറയുടെ ഉത്തരവാദിത്വം ഏറ്റെടുത്തുകൊണ്ട് തന്റെ പ്രവാചകനിലൂടെ ഈ ദൂത് നൽകുന്നു.

സത്യആരാധന നൂറ്റാണ്ടുകളായി നഷ്ടപ്പെട്ടുവെങ്കിലും എല്ലാം നശിച്ചു ***എങ്കിലും ഞാൻ, ദൈവം തന്നെ, എല്ലാം പുതുക്കിപ്പണിയും. അന്ന് ദാവീദിന്റെ, വീണുകിടക്കുന്ന കൂടാരം ഞാൻ ഉയർത്തും, അതിന്റെ വിടവുകൾ അടയ്ക്കും, അത് പുനഃരുദ്ധരിക്കും; പണ്ടത്തെപ്പോലെ പുതുക്കി പണിയും ആമോസ് 9 : 11 (Amos 9 :11)***

ദാവീദിനെയും അവന്റെ ഗ്രഹത്തേയും കുറിച്ചല്ല ഇവിടെ പറയുന്നത്. പകരം യിശ്രയേൽ ജനത്തിന്റെ നടുവിൽ ദാവീദ് രാജാവ് ദൈവീക ആരാധനയ്ക്ക് വളരെ പ്രാധാന്യം നൽകി. നഷ്ടപ്പെട്ട ആരാധന പുനഃസ്ഥാപിച്ചു. ദൈവത്തിന് കൊടുക്കേണ്ടുന്ന മഹത്വം നൽകി – ഫലമോ ദൈവം ദാവീദിന് സ്വസ്ഥത നൽകി. (2 ശാമുവേൽ 7 : 1, 2 Samuel 7 : 1)

ശലോമോന്റെ ആലയത്തിൽ ദൈവമഹത്വമുണ്ടെങ്കിലും ജനം സ്വന്തം വഴിക്ക് തിരിഞ്ഞു. എന്നാൽ ദാവീദ് ജനത്തെ ദൈവത്തിങ്കലേക്ക് തിരിയാൻ ആഹ്വാനം കൊടുക്കുക മാത്രമല്ല യഥാർത്ഥ ആരാധന യിശ്രയേലിൽ കൊണ്ടുവന്നു. അതിന്റെഫലം കേവലം ഒരു സഭ മാത്രമല്ല നന്മയനുഭവിച്ചത്. ദേശം മുഴുവനും

ഗ്രേയ്സ് ചാപ്പലിനോടുള്ള ബന്ധത്തിൽ ഈ ദൂതിന്റെ പ്രാധാന്യം.

നമ്മുടെ വ്യക്തിപരമായ ജീവിതത്തിൽ ദൈവീക ആരാധനയ്ക്കായി നമ്മുടെ ജീവിതത്തെ വിധേയപ്പെടുത്തുമ്പോൾ ദൈവസാന്നിദ്ധ്യം നമ്മിൽ നിരന്തരം വസിക്കുന്നു. ആദ്യം അത് നമ്മിൽ ദൈവീക വിടുതലിന് കാരണമാകുന്നു. ദുഷ്ടൻ വച്ച നുകങ്ങൾ ഉടയുന്നു. അഭിഷേകം (വർദ്ധിച്ച ദൈവസാന്നിദ്ധ്യം – യെശയ്യാവ് 10:27) നിമിത്തം നുകങ്ങൾ ഉടയുന്നു.

നാം ദൈവീകാരാധനയ്ക്കും ദൈവസാന്നിദ്ധ്യത്തിനും പ്രാധാന്യം നൽകുമ്പോൾ ദേശത്ത് ദൈവമഹത്വം ഇറങ്ങും. പട്ടണത്തിൽ നൂറ്റാണ്ടുകളായി നഷ്ടപ്പെട്ടുപോയ സത്യാരാധന പണ്ടത്തെ നാളുകളെ (ആമോസ് 9 :11) പ്പോലെ തിരിച്ചുവരും. കേവലം നമ്മുടെ സഭ മാത്രമല്ല പട്ടണമൊന്നിച്ച് ദൈവത്തെയാരാധിക്കും.

ജീവിതങ്ങളുടെ മേൽ നിന്ന് തകർച്ചകൾ മാറും. നന്മകളാൽ നിറയും. കെടുതികളും രോഗങ്ങളും അധർമ്മങ്ങളും വഴിമാറും. ദൈവമഹത്വം നിമിത്തം.

ഈ വർഷത്തിന്റെ ആരംഭം മുതൽ നമ്മുക്കൊന്നിച്ച് ദൈവം പകരുന്ന ദൈവീക മഹത്വത്തിനായി ഒരുങ്ങാം. നമ്മിൽ നല്ല പ്രവർത്തി ആരംഭിച്ചവൻ ക്രിസ്തു യേശുവിന്റെ നാളോളം അതിനെ തികയ്ക്കും. ഫിലിപ്പി. 1:6

***നിങ്ങൾ കാറ്റുകാണില്ല, മഴയും കാണില്ല, എങ്കിലും ഈ താഴ്വരകൾ വെള്ളം കൊണ്ട് നിറയും ...... ഇത് പോരാ എന്ന് തോന്നീട്ട് ദൈവം മോവാബ്യരേയും നമ്മുടെ കൈയ്യിൽ ഏൽപ്പിക്കും. 1 രാജാക്കന്മാർ 3 : 16, 17,18***

2009 – വാഗ്ദത്തങ്ങളുടെ നിറവേറലിന്റെ വർഷമാണ്. ഒരു വലിയ ഉണർവ്വ് തുടങ്ങിക്കഴിഞ്ഞു. അത് ഭാരതം മുഴുവൻ കത്തിപ്പടരട്ടെ സുവിശേഷത്തിന്റെ ശക്തി അതുല്യമാണ്. സഭയായി നമ്മുക്കൊന്നിച്ച് ദൈവപ്രവർത്തിയുടെ നിറവേറലിനായി ഒരുങ്ങാം. കൂടുതൽ സമയം, കൂടുതൽ ആരോഗ്യം, കൂടുതൽ അദ്ധ്വാനം, കൂടുതൽ പണം എല്ലാം യേശുവിനും അവന്റെ രാജ്യത്തിനുമായി ചെലവിടാം. അനേകരെ ക്രിസ്തുവിൽ ഉറപ്പിക്കാം. യേശുവിന്റെ വരവിനായി ഒരുങ്ങാം.

യേശുക്രിസ്തു എന്ന തികഞ്ഞ മാതൃക ജീവിതത്തിൽ പിൻപറ്റാം. അവന്റെ സ്വഭാവം നമ്മിൽ തെളിയട്ടെ (യോഹന്നാൻ 3 : 30)

ദൈവസ്നേഹത്തോടും ക്രിസ്തുവിൽ ദൈവസഭയ്ക്കായ് വലിയ പ്രതീക്ഷയോടും നിങ്ങളുടെ സഹോദരങ്ങൾ.

**സാംബ്രദറും കുടുംബവും**

# ഇവിടെ എന്റെ തീരുമാനം

യേശുഇല്ലാത്ത ഒരു ജീവിതം എനിക്ക് വേണ്ട. യേശുവില്ലാത്ത ഒന്നിലും ഞാനില്ല. യേശുവിനിഷ്ടമില്ലാത്തത് ഞാൻ ചെയ്യില്ല. കാണില്ല. കേൾക്കില്ല – പകരം യേശുവിന്റെ സന്നിധിയിൽ എന്റെ ശരീരത്തെ ജീവനുള്ള യാഗമായി അർപ്പിക്കുന്നു റോമർ 12 : 1- 2. യേശുവിന്റെ വരവിനായി ഞാൻ ജീവിക്കും (1 തെസലോനിക്യ 4 : 15, 16)

എന്റെ പേര് .....................................................................